# ആടിക്കളിയെടാ കുഞ്ഞിരാമാ....

**കഴിഞ്ഞ** ഏതാനും വർഷങ്ങൾക്കിടയിൽ ഇന്ത്യൻ രഹസ്യാന്വേഷണ വിഭാഗത്തെ തങ്ങളുടെ താൽപര്യങ്ങൾക്കു വേണ്ടി ഉപയോഗിക്കുക മാത്രമായിരുന്നു അമേരിക്ക ചെയ്തതെന്നും, മുംബൈ ആക്രമണത്തിനു ശേഷമുള്ള കാലയളവിൽ സി.ഐ.എ ഇന്ത്യക്കു കൈമാറിയ ഒരു ഡസനിലേറെ വരുന്ന ഭീകരാക്രമണ മുന്നറിയിപ്പുകളിൽ ഒന്നുപോലും സത്യസന്ധമായിരുന്നില്ലെന്നും റിപ്പോർട്ട്. ലശ്കറെ ത്വയ്യിബയെ കുറിച്ച് സ്വന്തമായ ഒരു വിവരവും ഇന്ത്യക്ക് അറിയില്ലെന്നും, അമേരിക്കൻ ഏജൻസികൾ നൽകുന്ന 'സൂചന'കളെ മാത്രം ഏറ്റുപിടിച്ചാണ് ഇന്ത്യൻ പ്രധാനമന്ത്രിയടക്കമുള്ളവർ ഭീകരാക്രമണങ്ങളെ കുറിച്ച് പ്രസ്താവനകൾ പുറപ്പെടുവിച്ചതെന്നും മുംബൈയിൽ നിന്നും പ്രസിദ്ധീകരിക്കുന്ന *ഡി.എൻ.എ* പത്രം ചൂണ്ടിക്കാട്ടുന്നു. കൊള്ളാം, ഒരു പത്രമെങ്കിലും ഈ സത്യം തുറന്നു പറയാനുള്ള ധൈര്യം കാണിച്ചല്ലോ. നാണക്കേടിന്റെ ആസനത്തിൽ വാലുമുളച്ചതിന്റെ തണലുമായി ഇരിക്കുന്ന നമ്മുടെ ഭരണാധികാരികൾക്ക് ഇതൊന്നും ഒരു വിഷയമേ ആവാനിടയില്ല. ഡേവിഡ് കോൾമാൻ ഹെഡ്‌ലിയും കെന്നത്ത് ഹേവാഡുമൊക്കെ അമേരിക്കൻ രഹസ്യാന്വേഷണസംഘത്തിന്റെ ഉപകരണങ്ങൾ ആയിരിക്കാമെന്നും അവരിലൂടെ ലഭിക്കുന്ന സ്വന്തം ഓപ്പറേഷനുകളെ കുറിച്ച വിവരമാണ് ലശ്കറിന്റെ ചെലവിൽ അമേരിക്ക ഇന്ത്യക്ക് കൈമാറിയിരുന്നതെന്നും ഈ റിപ്പോർട്ടിൽ സൂചനകളുണ്ട്. അവ പോലും ഭാഗികമായിരുന്നുവെന്നും അമേരിക്കക്ക് അറിവുണ്ടായിരുന്ന പ്രധാനപ്പെട്ട വിശദാംശങ്ങൾ അവർ പങ്കുവെച്ചിട്ടില്ലെന്നും ആരോപണമുണ്ട്. മുംബൈയിൽ ഭീകരാക്രമണം നടക്കാനിടയുണ്ടെന്ന് 2008 സെപ്റ്റംബറിൽ സി.ഐ.എ അമേരിക്കക്ക് കൈമാറിയ വിവരം ഉദാഹരണം. ഹെഡ്‌ലി തന്നെയാവാം ഈ വിവരം നൽകിയതെന്നാണ് ഇപ്പോൾ ഇന്ത്യൻ രഹസ്യാന്വേഷണ വിദ്വാന്മാർക്ക് സംശയുമയർന്നിട്ടുള്ളത്.

ഹെഡ്‌ലി ഇന്ത്യയിൽ സജീവമായിരുന്ന കാലത്ത് അമേരിക്ക നൽകിയിരുന്ന ഇന്റലിജൻസ് മുന്നറിയിപ്പുകൾ മിക്കപ്പോഴും സത്യമായി മാറിയിരുന്നു. ദൽഹി, അഹ്മദാബാദ്, സൂറത്ത്, ഹൈദരാബാദ് മുതലായ സ്ഫോടനങ്ങൾ ഉദാഹരണം. അതേ സമയം മുംബൈ ആക്രമണത്തിനു ശേഷം, അതായത് ഹെഡ്‌ലിയുടെ ഇന്ത്യാ സന്ദർശനങ്ങൾ അവസാനിച്ച ശേഷം ലശ്കറെ ത്വയ്യിബയെ കുറിച്ച് അമേരിക്ക നൽകിയ ഒറ്റ മുന്നറിയിപ്പ് പോലും സത്യമായിരുന്നില്ല. കാഴ്ചയിൽ പക്തൂൺ വംശജനായ ഒരാൾ മുംബൈ, കൊൽക്കത്ത നഗരങ്ങളെ ആക്രമിക്കാനുള്ള പദ്ധതിയുമായി ഇന്ത്യയിലേക്ക് നുഴഞ്ഞു കയറിയിട്ടുണ്ടെന്ന ഏറ്റവുമൊടുവിലത്തെ റിപ്പോർട്ട് ഉദാഹരണം. മുംബൈ ഭീകരാക്രമണത്തിന്റെ ഒന്നാം വാർഷികത്തിന് രണ്ടാഴ്ച മുമ്പെ ഇന്ത്യൻ ഇന്റലിജൻസ് ഡയറക്ടർക്ക് എഫ്.ബി.ഐ നൽകിയ മുന്നറിയിപ്പ് മറ്റൊരു ഉദാഹരണം. ഇതിന്റെ ചുവടൊപ്പിച്ച് പ്രധാനമന്ത്രി പ്രസ്താവനയിറക്കുക പോലുമുണ്ടായി. എന്തിനേറെ,

കൊച്ചിയിൽ ഭീകരാക്രമണ സാധ്യതയുണ്ടെന്നു വരെ കേന്ദ്ര ഏജൻസികൾ അറിയിച്ചത് അമേരിക്കൻ 'വിദഗ്ധർ' നൽകിയ റിപ്പോർട്ടുകളുടെ വെളിച്ചത്തിലായിരുന്നു. ഇതിന് രണ്ട് വിശദീകരണങ്ങളാണ് നൽകാനാവുക. ഹെഡ്ലി ഇല്ലാത്ത കാലത്ത് അമേരിക്കക്ക് ലശ്കറിൽ നിന്ന് ലഭിക്കുന്ന വിവരങ്ങൾ തെറ്റാണ്. അതല്ലെങ്കിൽ  അദ്ദേഹം പിടിക്കപ്പെട്ടതിനു ശേഷം ലശ്കറെ ത്വയ്യിബക്ക് ഇന്ത്യയിൽ സ്വന്തം ഓപ്പറേഷനുകൾ സാധ്യമാകുന്നില്ല. ഭീകരാക്രമണം നടക്കുമെന്ന് ഉറപ്പാക്കിയതിനു ശേഷം പുറത്തുവിടുന്ന ഭാഗികമായ വിവരങ്ങളായിരുന്നല്ലോ ഇതുവരെ നമുക്ക് ലഭിക്കാറുണ്ടായിരുന്നത്. അമേരിക്ക നൽകിയ വിവരത്തെ തുടർന്ന് ഏതെങ്കിലുമൊരു ഭീകരാക്രമണം ഇന്ത്യ മുൻകൂട്ടി നിർവീര്യമാക്കിയതിന് തെളിവില്ല. തെമ്മാടിയായ എഫ്.ബി.ഐ ഏജന്റ് എന്ന് വിശേഷിപ്പിച്ച് ഹെഡ്ലിയെ രക്ഷപ്പെടുത്താനുള്ള നീക്കം ഇരു രാജ്യങ്ങളിലെയും മാധ്യമങ്ങൾ നടത്തുന്നുണ്ടെങ്കിൽ കൂടി ഈ അമ്പരപ്പിക്കുന്ന യാഥാർഥ്യം ഇന്ത്യൻ രഹസ്യാന്വേഷകർ വിശകലനം ചെയ്യേണ്ടതായാണിരിക്കുന്നത്. ഹെഡ്ലി തെമ്മാടിയായിരുന്നില്ല മറിച്ച് അമേരിക്കയുടെ നിഗൂഢ താൽപര്യങ്ങളുടെ അംബാസഡറായിരുന്നു എന്നാണ് മൊത്തം ചിത്രം നൽകുന്ന സൂചന.

കഴിഞ്ഞ എത്രയോ വർഷങ്ങളായി ഇന്ത്യൻ ഭരണകൂടത്തിനകത്ത് അമേരിക്ക സ്വന്തം പ്രതിനിധികളെയും ചാരന്മാരെയും അയക്കുന്നുണ്ട്. എൻ.ഡി.എ ഭരണകാലത്ത് മേജർ രബീന്ദർ സിംഗ് എന്ന ഉദ്യോഗസ്ഥൻ 'റോ'ക്കകത്ത് അമേരിക്കക്കു വേണ്ടി വർഷങ്ങളോളം ചാരപ്പണി നടത്തുകയും ഒടുവിൽ പിടിയിലകപ്പെടുമെന്ന ഘട്ടം വന്നപ്പോൾ നേപ്പാൾ വഴി അയാളെ വാഷിംഗ്ടണിലേക്കു രക്ഷപ്പെടുത്തുകയും ചെയ്ത സംഭവം ഉദാഹരണം. ബി.ജെ.പി സർക്കാറിന്റെ കൂടി അറിവോടെയായിരുന്നു ഇയാൾ അന്ന് രക്ഷപ്പെട്ടത്. തമിഴ് വിമോചന പുലികളെ കുറിച്ച വിവരം ശേഖരിക്കാൻ 1980-കളിൽ ചെന്നൈയിലെ 'റോ' ഓഫീസിലും പഞ്ചാബ് തീവ്രവാദത്തെ കുറിച്ച വിവരങ്ങൾ ചോർത്തുന്നതിന് 1990-കളിലും അമേരിക്ക ഇന്ത്യൻ രഹസ്യാന്വേഷണ സംവിധാനത്തിനകത്ത് നുഴഞ്ഞു കയറിയിരുന്നുവെന്നത് തെളിയിക്കപ്പെട്ട വസ്തുതയാണ്.

രാജ്യത്തിനകത്തെ ഭീകരവിരുദ്ധ രഹസ്യാന്വേഷണം പൂർണമായും ഇന്ത്യ അമേരിക്കക്ക് തീറെഴുതി കൊടുത്ത ചിത്രമാണ് ഇപ്പോഴുള്ളത്. അതുകൊണ്ടു തന്നെ അമേരിക്കൻ ഉദ്യോഗസ്ഥർ എഴുതി കൊടുക്കുന്ന അസംബന്ധങ്ങൾ നോക്കി വായിക്കുക എന്നതിലപ്പുറം സ്വന്തമായ ഒരു വിവരശേഖരണവും ഇന്ത്യൻ അന്വേഷകരുടെ ഭാഗത്തുനിന്നും നടക്കുന്നില്ല. ഡേവിഡ് ഹെഡ്ലി ഓരോ തവണ ഇന്ത്യ സന്ദർശിച്ചതിനു ശേഷവും മടങ്ങിയത് പാകിസ്താനിലേക്കായിരുന്നു എന്ന് ഇപ്പോൾ മാത്രമാണ് കേന്ദ്ര രഹസ്യാന്വേഷണ വകുപ്പുകൾ കണ്ടെത്തിയത്. എന്തുകൊണ്ട് ഇത്ര നിർണായകമായ ഒരു വിവരം നേരത്തെ മനസ്സിലാക്കിയില്ല? ഇയാളുടെ പാസ്പോർട്ട് ഒന്നു മറിച്ചു നോക്കുക പോലും ചെയ്യാത്ത ഈ 'ചവിട്ടിയിറക്കൽ ഇമിഗ്രേഷനെ' നാം എന്തുവിളിക്കണം? ഇപ്പോഴും ഈ അന്വേഷണത്തിൽ നാം മടിച്ചു നിൽക്കുന്ന ഒരു മേഖലയുണ്ട്. ഹെഡ്ലി ഇന്ത്യയിൽ ആരെയാണ് ഉപയോഗിച്ചതെന്ന് അറിയാൻ ഇന്ത്യ താൽപര്യപ്പെടുന്നേയില്ല. ഇന്ത്യയിൽ ഇയാളെ സഹായിച്ച ആരോ ഉണ്ടായിരുന്നുവെന്നത് വ്യക്തം. മുംബൈ ആക്രമണത്തെ കുറിച്ച് ഒടുവിൽ പുറത്തുവന്ന പുസ്തകങ്ങളിലെല്ലാം ഇത്തരമൊരു സൂചന അടങ്ങിയിട്ടുണ്ട്. ആ സംഘം ആരുടേതെന്ന് കണ്ടെത്തിയാൽ ഇന്ത്യ നടുങ്ങിയ ആക്രമണ പരമ്പരകളുടെ തന്നെ ഉത്തരം നമുക്ക് ലഭിച്ചേക്കും; വിശിഷ്യ മുംബൈ ട്രെയിൻ സ്ഫോടനങ്ങളുടേത്.

ഇനിയിപ്പോൾ ഈ സ്ഫോടനങ്ങൾ അമേരിക്ക നേരിട്ടു സംഘടിപ്പിച്ചു എന്നു തന്നെ വെക്കുക. അവർ ലോകത്തെ 'സൂപ്പർപവറ'ല്ലേ നമുക്കെന്ത് ചെയ്യാനൊക്കും എന്നതാവും രാഷ്ട്രീയക്കാരന്റെ അടുത്ത ന്യായം. ■